**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6814** **11-07-2024 - ൽ മറുപടിയ്ക്ക്**

**ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കാൻ സർക്കാർ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വന്തമായി തയ്യാറാക്കുമ്പോൾ പിശകുകൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>മാതൃകാ പ്രമാണങ്ങൾ ഉപയോഗിച്ച് ആധാരകക്ഷികൾ നേരിട്ട് തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ കരട് രൂപം കക്ഷികൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ/ഉപദേശങ്ങൾ നൽകുന്നതിനും, ആധാരം തയ്യാറാക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിച്ചു നൽകുന്നതിനും എല്ലാ സബ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ